(ബി) മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഗൃഹശുചീകരണം, പരിസര ശുചീകരണം, സാമൂഹ്യ സഹകരണത്തോടെയുള്ള ശുദ്ധജലവിതരണം, മത്സ്യത്തൊഴിലാളി ഭവനവായ്പയുടെ നവീകരണം എന്നിവയ്ക്കായി 18.75 കോടി രൂപയുടെ പദ്ധതി ഇപ്പോൾ വിവിധ ഘട്ടങ്ങളിൽ പൂർത്തിയായി വരുന്നു. കേന്ദ്ര സർക്കാറിന്റെ പ്രത്യേക സഹായത്തോടെയാണ് (Additional Central assistance) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. 15 കോടി രൂപ സർക്കാർ വിഹിതവും 3.75 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടെ ഗുണഭോക്തൃ വിഹിതവുമാണ്.

(സി) തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി "തീര സമൃദ്ധി" പദ്ധതി അനുസരിച്ച് സാമൂഹ്യ സഹകരണത്തോടെ മിനി ജലവിതരണ പദ്ധതി നടപ്പിലാക്കി വരുന്നു. കുഴൽകിണർ, വാട്ടർ ടാങ്ക് എന്നിവ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ 5 സെന്റ് സ്ഥലം സ്വന്തം ചെലവിൽ കണ്ടെത്തണം. യൂണിറ്റ് ഒന്നിന് 25 ലക്ഷം രൂപയാണ് ചെലവ്. 5 ലക്ഷം രൂപ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതമാണ്. ഇതിൽ നിന്നും 50,000 രൂപ 5 സെന്റ് സ്ഥലം കണ്ടെത്തുന്നതിനും 4.5 ലക്ഷം രൂപ നിർമ്മാണ ചെലവിനുമാണ്. ബാക്കി 20 ലക്ഷം രൂപ ഫിഷറീസ് വകുപ്പ് വഹിക്കും.

(ഡി) തീരദേശ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പാക്കി വരുന്നത്.

(ഇ) 2002-03 വർഷത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ചില ജില്ലകളിൽ ചെറിയ ചില ഘടകങ്ങൾ പൂർത്തിയാക്കാനുണ്ട്.

പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് നിരോധനം

6 [*559] ശ്രീ. ടി. കെ. ബാലൻ:
,, മഞ്ഞളാംകുഴി അലി:
,, ടി. പി. രാമകൃഷ്ണൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനും പവർ അലോക്കേഷനും സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; നിരോധനം ഏർപ്പെടുത്തുന്നതിനിടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(സി) വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് നിരോധനം ബാധകമാണോ;

(ഡി) നിരോധനം എന്നത്തേയ്ക്ക് പിൻവലിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം വൈദ്യുതി നൽകുവാനുള്ള സ്ഥാപിതശേഷി സംസ്ഥാനത്ത് ഉണ്ടായിട്ടും അത് പൂർണ്ണമായും പ്രയോജനപ്പെടുത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ—ഡി) നിരോധനം ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ വർഷവും ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നതിനനുസരിച്ചാണ് നോർമൽ പ്രയോറിറ്റിയിലുള്ള കണക്ഷൻ കൊടുക്കുന്നതിനുള്ള ടാർജറ്റ് നിശ്ചയിക്കുന്നത്. ടാർജറ്റിനു പുറമെ വരുന്ന കണക്ഷനുകൾ ഒ.വൈ.ഇ.സി. പ്രകാരം നൽകുന്നുണ്ട്.

ബഡ്ജറ്റിൽ തുക വകയിരുത്താതെ പണി നടത്തിയ ജലസേചന പദ്ധതികൾ

7 [*560] ശ്രീ. അടൂർ പ്രകാശ്:
,, ടി. എച്ച്. മുസ്തഫ:
,, കെ. മോഹൻകുമാർ:
,, കെ. ബാബു:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ തുക വകയിരുത്താതെ വൻകിട/ഇടത്തരം ജലസേചന പദ്ധതികളുടെ പണി ആരംഭിച്ച സംഭവം മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളുടെ പണിയാണ് ഇപ്രകാരം നടത്തിയിട്ടുള്ളത്;

(സി) ഇപ്രകാരം പണി നടത്തിയ വകയിൽ പ്രസ്തുത കാലയളവിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

എനർജി ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ നടപടി

8 [*561] ശ്രീ. എ. സുജനപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
,, എ. പി. അനിൽ കുമാർ:
,, എം. പി. ഗംഗാധരൻ:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡ് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടേയും വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിയുടേയും അക്കൗണ്ടിംഗ് നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ലവലിൽ എപ്രകാരം എന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് എനർജി ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly